LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം ആരംഭിച്ചത് 16-7-2010-ലാണ്.

(ബി) ഈ പാലത്തിന്റെ ഏകദേശം 30% പണികൾ പൂർത്തിയായിട്ടുണ്ട്. ഇപ്പോൾ പണികൾ നിർത്തിവച്ചിരിക്കുകയാണ്.

(സി) ഉണ്ട്.

(ഡി&എഫ്) കരാർ ലംഘനം നടത്തിയിട്ടുണ്ട്. 29-1-2015-ൽ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാന പ്രകാരം കെ.എസ്.സി.സി.-യുമായുള്ള കരാർ നിയമാനുസൃതം റദ്ദ് ചെയ്യുവാനും ബാക്കി പ്രവൃത്തികൾ കെ.എസ്.സി.സി.-യുടെ നഷ്ടോത്തരവാദിത്വത്തിൽ പുനഃക്രമീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ

250 (1294) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ എത്ര റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടെന്നും അവ ഏതെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ ഏറ്റെടുത്ത റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

പുളിമാത്ത് പോലീസ് മുക്ക്-കരിയാംവിള റോഡ്

251 (1295) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ പുളിമാത്ത് ഗ്രാമപഞ്ചായത്തിലുൾപ്പെട്ട പോലീസ് മുക്ക്-കരിയാംവിള റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നവീകരിക്കുവാനുള്ള ശിപാർശയിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.